**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം-പാറശ്ശാല ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.രതീഷ്.ആർ.എസ്, നേമം ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.സെബിൻ.എൽ.ടി എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ നം.2472/16 നമ്പർ കേസിലെ അന്തിമ ഉത്തരവ് നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ)നം.1352/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: 14/05/2018

---

പരാമർശം :
1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.2472/2016 നമ്പർ കേസിന്റെ 21/02/2018- ലെ ഉത്തരവ്.
2. ശ്രീ.രതീഷ്.ആർ.എസ്, ശ്രീ.സെബിൻ.എൽ.റ്റി എന്നീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സമർപ്പിച്ച 19/02/2018-ലെ അപേക്ഷകൾ.
3. ഗ്രാമവികസന കമ്മീഷണറുടെ 26/03/2018 തീയതിയിലെ 18884/എസ്റ്റാ:ബി2/16/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ നിന്നും മാതൃജില്ലകളിലേക്ക് സ്ഥലംമാറ്റിയ ഉത്തരവ് റദ്ദ് ചെയ്യണമെന്നും തിരുവനന്തപുരം ജില്ലയിൽ തന്നെ തുടരാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പാറശ്ശാല ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.രതീഷ്.ആർ.എസ്, നേമം ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.സെബിൻ.എൽ.റ്റി എന്നിവർ ചേർന്ന് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ നം.2472/2016 നമ്പർ കേസ് ഫയൽ ചെയ്യുകയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ലെ അന്തിമ ഉത്തരവിൽ താഴെപറയും പ്രകാരം ഉത്തരവാകുകയും ചെയ്തു.

" The Original Application is disposed of directing the first respondent to consider and pass appropriate orders on Annexures A-17 and A-18 representations in accordance with law and after affording an opportunity of personal hearing to the applicants. All the contentions in the Original Application are left open to be agitated before the first respondent. The first respondent shall pass appropriate orders within a period of three months from the date of receipt of a copy of this order. It is made clear that the interim

order passed by this Tribunal will continue to be in force till the issuance of final orders by the first respondent on Annexure A-17 and A-18 representations".

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20/04/2018-ന് അപേക്ഷകരെ സർക്കാർ നേരിൽ കേട്ടു. നേരിൽകേട്ട വേളയിൽ അപേക്ഷകർ നിവേദനത്തിലെ (അനുബന്ധം A17 &A18) ആവശ്യം നടപ്പിലാക്കി തരണമെന്ന് അപേക്ഷിച്ചു

2016-ൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II ന്റെ പി.എസ്.സി ലിസ്റ്റ് നിലവിൽ വന്നു എന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II വിൽ 47 വേക്കൻസി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തു എന്നും 1:1 അനുപാതം നിലനിർത്തുന്നതിനാണ് അപേക്ഷകർ ഉൾപ്പെടെയുള്ള വരെ സ്ഥലം മാറ്റിയതെന്നും എന്നാൽ ടി ഉത്തരവ് കോടതി സ്റ്റേ ചെയ്തതിനാൽ അപേക്ഷകർ തിരുവനന്തപുരം ജില്ലയിൽ തുടരുന്നതായും നിലവിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I & ഗ്രേഡ് II റേഷ്യോ 1:1 ആയി നിശ്ചയിച്ച പ്രകാരം നിലനിൽക്കുന്നതിനാൽ അപേക്ഷകർക്ക് അതാത് സ്ഥലത്ത് തുടരുന്നതിന് പ്രശ്നമില്ല എന്നും പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട ചെയ്തു.

ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അപേക്ഷകരെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു

തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ ജോലി ചെയ്തു വരുന്ന ശ്രീ.രതീഷ്.ആർ.എസ്, ശ്രീ.സെബിൻ.എൽ.റ്റി എന്നീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ പ്രസ്തുത സ്ഥലത്ത് തുടരുന്നതിന് അനുവദിച്ചുകൊണ്ടും പി.എസ്.സി-യിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കേണ്ടി വരുന്ന പക്ഷം 1:1 അനുപാതം നിലനിർത്താൻ സാധ്യമല്ലെങ്കിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയി ജോലി ചെയ്യുന്ന ജൂനിയറായ ഉദ്യോഗസ്ഥരെ മാതൃജില്ലയിലേക്കോ മറ്റു ജില്ലകളിലേക്കോ സ്ഥലം മാറ്റുന്ന വിഷയം പരിഗണിക്കാവുന്നതാണ് എന്ന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകികൊണ്ടും സർക്കാർ ഉത്തരവാകുന്നു.

ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.2472/16 നമ്പർ കേസിലെ 21/02/2018-ലെ അന്തിമ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**

**അണ്ടർ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3) ശ്രീ.രതീഷ്.ആർ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പാറശ്ശാല ബ്ലോക്ക്, തിരുവനന്തപുരം

4) ശ്രീ.സെബിൻ.എൽ.റ്റി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നേമം ബ്ലോക്ക്, തിരുവനന്തപുരം

5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

7) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ